# കില

## വാർത്താപത്രിക

VOLUME-7
ISSUE-8
AUGUST 2014

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org




കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനം പഠിക്കുന്നതിനു ലൈബീരിയയിൽനിന്നെത്തിയ മൂന്നംഗസംഘം തിരുവനന്തപുരത്ത് പഞ്ചായത്ത് സാമൂഹ്യക്ഷേമവകുപ്പുമന്ത്രി ഡോ.എം.കെ. മുനീറുമായി ചർച്ച നടത്തുന്നു

## കേരള മാതൃക പകർത്താൻ ലൈബീരിയൻ സംഘമെത്തി

**കേ**രളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തിന്റെയും അധികാരവികേന്ദ്രീകരണത്തിന്റെയും മാതൃക തങ്ങളുടെ രാജ്യത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ ക്കും പഠനങ്ങൾക്കുമായി ആഫ്രിക്കയിലെ ലൈബീരിയയിൽനിന്നുള്ള മൂന്നംഗസംഘം കിലയിലെത്തി. അഞ്ചാഴ്ചക്കാലം അവർ കിലയിൽ തങ്ങിയാണ് ഇതു സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നത്.

പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ഡോ.എം.കെ. മുനീർ, തദ്ദേശഭരണവകുപ്പു  പ്രിൻസിപ്പൽ സെക്രട്ടറി, ജെയിംസ് വർഗീസ്, സംസ്ഥാന തെരഞ്ഞെടുപ്പുകമ്മീഷൻ, കെ.ശശിധരൻനായർ, പ്ലാനിംഗ് ബോർഡ് മെമ്പർ സി.പി.ജോൺ വികേന്ദ്രീകൃതാസൂത്രണത്തിനു മികച്ച സംഭാവന നൽകിയ വ്യക്തികൾ തുടങ്ങിയവരുമായി സംഘാംഗങ്ങൾ ചർച്ച നടത്തി. കില ഡയറക്ടർ ഡോ.പി.പി.ബാലൻ, അസോസിയേറ്റ് പ്രൊഫ.ഡോ.സണ്ണി ജോർജ്, പ്രൊഫ.ടി.രാഘവൻ എന്നിവരുമായി സംഘം നേരത്തെ പ്രാഥമികചർച്ചകൾ നടത്തിയിരുന്നു.

പഞ്ചായത്ത് സംവിധാനം മികച്ച രീതിയിൽ നടപ്പിലാക്കിയിട്ടുള്ളത് കേരളത്തിലാണെന്നു മനസ്സിലാക്കിയതുകൊണ്ടാണ് തങ്ങൾ ഇവിടെയെത്തിയതെന്ന് സംഘാംഗങ്ങൾ പറഞ്ഞു. അലക്സാണ്ടർ മുല്ല, സിസിലിയ എൻഫ്ളോമോ, ഡയാന മൂർത്ത് എന്നിവരാണ് സംഘത്തിലുള്ളത്. സംസ്ഥാനത്തെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സന്ദർശിച്ച് അവിടത്തെ വികസന പരിപാടികൾ സംഘം നേരിൽ കണ്ട് മനസ്സിലാക്കും. സാമ്പത്തികവികസനത്തിനും ഉദ്പ്പാദനമേഖലയ്ക്കും പ്രാധാന്യം നൽകുന്ന കുടുംബശ്രീപോലെയുള്ളവരുടെ പ്രവർത്തനങ്ങളിലും സംഘത്തിനു താൽപര്യമുണ്ട്.

167 വർഷം മുമ്പ് സ്വാതന്ത്ര്യം നേടിയ ലൈബീരിയയിൽ അമേരിക്കൻ മോഡൽ ഭരണസംവിധാനമാണ് നിലനിൽക്കുന്നത്. പേരിന് പഞ്ചായത്ത് സംവിധാനങ്ങളുണ്ടെങ്കിലും അധികാരമെല്ലാം കേന്ദ്രത്തിൽ നിക്ഷിപ്തമായതിനാൽ അവയൊന്നും ഫലപ്രദമല്ല. പ്രകൃതിവിഭവങ്ങളാൽ സമ്പന്നമായ ഈ രാഷ്ട്രം ദാരിദ്ര്യമനുഭവിക്കുന്നു. 33 ലക്ഷം ജനസംഖ്യയിൽ പത്തുലക്ഷം പേരും തലസ്ഥാനത്തുതന്നെയാണ് വസിക്കുന്നത്. 19 ലധികം പട്ടികവർഗ്ഗ വിഭാഗങ്ങളുണ്ട്. ജനസംഖ്യയിൽ 75 ശതമാനം ക്രിസ്ത്യാനികളും 20 ശതമാനം മുസ്ലിംമുകളും അഞ്ചുശതമാനം മറ്റുവിഭാഗക്കാരുമാണ്. ഇരുമ്പയിരും മരവുമാണ് പ്രധാനമായും കയറ്റി അയക്കുന്നത്. പ്രകൃതിവിഭവങ്ങളൊന്നും വേണ്ടവിധത്തിൽ ചൂഷണം ചെയ്യാനായിട്ടില്ല.

## ചോദിക്കൂ പറയാം

? തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്നു പിരിഞ്ഞു പോകുന്ന ജീവനക്കാർക്ക് എന്തെങ്കിലും ഓഡിറ്റ് തടസ്സം ഉണ്ടെങ്കിൽ അതു പരിഹരിച്ചശേഷം മാത്രമേ നോൺ ലയബിലിറ്റി സാക്ഷ്യപത്രം നൽകാൻ പാടുള്ളൂ എന്ന് വ്യവസ്ഥയുള്ളതായി അറിഞ്ഞു. ശരിയാണോ?

● ഏതെങ്കിലും ഓഡിറ്റ് തടസ്സമുണ്ടെങ്കിൽ അതു പരിഹരിച്ചശേഷമേ നോൺ ലയബിലിറ്റി സാക്ഷ്യപത്രം നൽകാൻ പാടുള്ളൂവെന്ന് വ്യവസ്ഥചെയ്തുകൊണ്ട് 1.7.2013 ൽ പുറത്തിറക്കിയ സർക്കുലർ സർക്കാർ പിൻവലിച്ചിട്ടുള്ളതാണ്.(സർക്കുലർ നമ്പർ 50787/എ.ബി.3/13/ത സ്വ ഭ വ .തീയതി 5.5.2014)

? പഞ്ചവത്സരപദ്ധതിയുടെ ആനുകൂല്യങ്ങൾ ബി.പി. എൽ.കുടുംബത്തിലുള്ളവർക്കു മാത്രമേ നൽകാൻ പാടുള്ളൂ എന്നു പറയുന്നതു ശരിയാണോ?

● പ്രത്യേകം പരാമർശിച്ച കാര്യങ്ങൾ ഒഴികെ മറ്റെല്ലാ ആനുകൂല്യങ്ങളും ബി.പി.എൽ കുടുംബത്തിനുള്ളതാണ്. എന്നാൽ 50,000 രൂപയിൽ താഴെ വാർഷിക കുടുംബവരുമാനമുള്ളവരെ ബി.പി.എൽ ആയി കണക്കാക്കി. പദ്ധതിയുടെ ആനുകൂല്യങ്ങൾ നൽകാം എന്ന വ്യവസ്ഥ ആസൂത്രണമാർഗ്ഗരേഖയിലുണ്ട്. ആയതിന് ഇനി പറയുന്നവരെ ബി.പി.എൽ ആയി കണക്കാക്കാൻ പാടില്ല എന്നും വ്യവസ്ഥയുണ്ട്.സർക്കാർ/അർദ്ധസർക്കാർ/എയിഡഡ്/സഹകരണസ്ഥാപനങ്ങളിലേയും സ്വകാര്യസ്ഥാപനങ്ങളിലേയും ജീവനക്കാർ, പെൻഷൻ വാങ്ങുന്നവർ,പൊതുമേഖലാസ്ഥാപനങ്ങളിലെ ജീവനക്കാർ, നൂറു ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുള്ളവർ,സ്വകാര്യ ഉപയോഗത്തിനു നാലുചക്രവാഹനം സ്വന്തമായുള്ളവർ, ബസ്, ലോറി, ട്രാക്റ്റർ തുടങ്ങിയ വലിയ വഹനമുള്ളവർ,വിദേശങ്ങളിൽ ജോലി ചെയ്യുന്ന ആൾ ഉള്ള, നൂറു ചതുരശ്രമീറ്ററിൽകൂടുതൽ വിസ്തീർണ്ണമുള്ള വീടുള്ളവർ, പ്രതിമാസം തൊഴിൽ/ വാടക/ സ്ഥിരവരുമാനം എന്നിവയിൽനിന്ന് കുടുംബവാർഷികവരുമാനം 50,000 രൂപയിലധികം ലഭിക്കുന്നവർ.(ഇതിൽ കയർ, കൈത്തറി, കശുവണ്ടി, പരമ്പരാഗത തൊഴിലാളികൾ എംപ്ലോയിമെന്റിൽനിന്ന് താൽക്കാലിക/ദിവസവേതനത്തിൽ ജോലി ചെയ്യുന്നവർ എന്നിവരെ ഒഴിവാക്കിയിട്ടുണ്ട്.)

? പഞ്ചവത്സപദ്ധതി പണമുപയോഗിച്ച് പട്ടികവർഗ്ഗ കോളനിയിലേക്ക് റോഡു നിർമ്മിക്കാൻ പാടില്ലെന്നു പറയുന്നു. അപ്പോൾ അവരുടെ ഗതാഗതത്തിനു എന്തുചെയ്യും?

● പദ്ധതിപണമുപയോഗിച്ച് റോഡുനിർമ്മിക്കാൻ പാടില്ല എന്നു പറഞ്ഞിട്ടില്ല. പട്ടികവർഗ്ഗ വികസന ഫണ്ടുപയോഗിച്ച് റോഡുനിർമ്മിക്കാൻ പാടില്ലെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ പട്ടികവർഗ്ഗ സങ്കേതത്തിലേക്കു മാത്രമുള്ള നടപ്പാതകളും നടപ്പാലങ്ങളും മൂന്നു മീറ്റർ പരിധിയിൽ നിർമ്മിക്കാവുന്നതാണ്.

? വനിതാഘടകപദ്ധതിയിൽ പെടുത്തി വീട് കക്കൂസ് എന്നിവ നൽകരുതെന്ന് പറയുന്നു. പിന്നെ അവരുടെ തുക ചെലവഴിക്കാൻ ഏതെല്ലാം പദ്ധതികൾ ഏറ്റെടുക്കാം?

● വനിതാഘടകപദ്ധതിയിൽ അനുവദിച്ച തുക വനിതകളുടെ തൊഴിലും വരുമാനവും സാമൂഹ്യപദവിയും വർദ്ധിപ്പിക്കുന്ന തരത്തിലുള്ള പദ്ധതികൾക്കാണ് വിനിയോഗിക്കേണ്ടത്.തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ സ്കൂളുകളിൽ പെൺകുട്ടികൾക്കു മാത്രമായി അവരുടെ എണ്ണത്തിനു ആനുപാതികമായി മൂത്രപ്പുരകളും കക്കൂസുകളും നിർമ്മിക്കാം.സ്ത്രീകൾ ധാരാളമായി എത്തുന്ന ഓഫീസുകൾ, ആശുപത്രി, മൃഗാശുപത്രി, തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ, ബസ് സ്റ്റാൻഡ്, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ മൂത്രപ്പുരകളും കക്കൂസുകളും നിർമ്മിക്കുകയും അവിടെ ജല ലഭ്യത ഉറപ്പാക്കുന്നതിനും. മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ മുലയൂട്ടുന്ന അമ്മമാർക്ക് സുരക്ഷിതമായതും സ്വകാര്യത കാത്തുസൂക്ഷിക്കുന്നതുമായ ഇടങ്ങൾ ഒരുക്കികൊടുക്കുന്നതിനും വനിതാഘടകപദ്ധതി ഉപയോഗിക്കാവുന്നതാണ്. സ്ത്രീകൾക്കു മാത്രമുള്ള തൊഴിൽസംരഭങ്ങൾ തുടങ്ങുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതികളും ആകാവുന്നതാണ്.

## ചോദ്യങ്ങൾക്ക് മറുപടി

**പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്ഡെസ്ക്. ഫോൺ നമ്പർ–0487 2204097**

? പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി കുടിവെള്ള പ്രോജക്ടുകൾ എങ്ങനെ നടപ്പാക്കും?

● കുടിവെള്ള പ്രൊജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗുണഭോക്തൃഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാക്കിയശേഷം പ്രോജക്ടിന്റെ പൊതുനടത്തിപ്പും അറ്റകുറ്റപണിയുടെ ചുമതലയും ഉപഭോക്തൃഗ്രൂപ്പുതന്നെ ഏറ്റെടുക്കേണ്ടതാണ്. അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ടശേഷമേ പ്രവർത്തിയുടെ നിർവഹണം ആരംഭിക്കാവൂ. എന്നാൽ 5,000 രൂപയിൽ അധികരിച്ചുവരുന്ന അറ്റകുറ്റപ്പണികൾ തദ്ദേശസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ. ജലനിധി പദ്ധതി, സമാനമായ മറ്റു പദ്ധതികൾ, എന്നിവ നടപ്പാക്കുന്ന തദ്ദേശസ്ഥാപനങ്ങൾ വീണ്ടും കുടിവെള്ള വിതരണം ഏറ്റെടുക്കേണ്ടതില്ല. പൊതു ടാപ്പുകൾ നൽകാൻ പാടില്ല. ഹൗസ് കണക്ഷൻ പ്രോത്സാഹിപ്പിക്കണം. വാട്ടർ അതോരിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈനിൽനിന്നായിരിക്കണം ഹൗസ് കണക്ഷൻ നൽകേണ്ടത്. കണക്ഷൻ എടുക്കുന്ന പ്രവർത്തികൾ ഗുണഭോക്താക്കൾ തന്നെ ചെയ്യണം. പ്രവർത്തി ചെയതുകഴിഞ്ഞാൽ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക അർഹതയുള്ളവർക്ക് അനുവദനീയമായ തുക നൽകാവുന്നതുമാണ്.

? സ്കൂൾ വിദ്യാഭ്യാസം നേടാത്ത ഒരാൾ ജനനറജിസ്റ്ററിൽ പേരു ചേർക്കാൻ എന്തു ചെയ്യണം?

● സ്കൂൾ വിദ്യാഭ്യാസം നേടാത്ത ഒരാളുടെ പേര് റജിസ്റ്ററിൽ ചേർക്കാൻ ജനന-മരണ രജിസ്ട്രാർക്ക് അഞ്ചുരൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിപ്പിച്ച അപേക്ഷ നൽകുക. അപേക്ഷയോടൊപ്പം മാതാപിതാക്കളുടേയും കുട്ടിയുടേയും പേരു തെളിയിക്കുന്ന ആധികാരിക രേഖകൾ ഹാജരാക്കണം.( ആധാർ, റേഷൻ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, ഡ്രൈവിംഗ ലൈസൻസ്, പാസ്പോർട്ട് തുടങ്ങിയവ ആധികരിക രേഖയാണ് അവയിൽ ഏതെങ്കിലും ഒന്ന്.) പേരു ചേർക്കേണ്ടയാൾ പ്രായപൂർത്തിയായ ആളാണെങ്കിൽ അവർ തന്നെ അപേക്ഷ നൽകിയിൽ മതി. അവർ മാതാപിതാക്കളുടെ തിരിച്ചറിയൽ കാർഡ് നൽകുന്നത് നിർബന്ധമല്ല. മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലെങ്കിൽ രക്ഷാകർത്താവിനു അപേക്ഷിക്കാം. (ചീഫ് റജിസ്ട്രാറുടെ സർക്കുലർ നമ്പർ ബി.12741/2009 തീയതി 8.12.2010)



ഗ്രാമകേന്ദ്രവുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച സംസ്ഥാതല ശിൽപ്പശാല കേരള പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാനപ്രസിഡന്റ് **പി.ടി. മാത്യു** ഉദ്ഘാടനം ചെയ്യുന്നു

## ഗ്രാമകേന്ദ്രങ്ങൾ ജനുവരി 26 നു മുമ്പ് സജ്ജമാകും

**അ**ടുത്ത വർഷം ജനുവരി 26 നു മുമ്പ് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാകുമെന്ന് കില ഡയറക്ടർ ഡോ.പി.പി.ബാലൻ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച സംസ്ഥാനതല ശിൽപ്പശാലയിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗ്രാമസഭകളുടെ ശാക്തീകരണത്തിനു ഗ്രാമകേന്ദ്രങ്ങൾ അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. ഈ സംവിധാനത്തോട് ഇനിയും പൊരുത്തപ്പെടാത്ത രാഷ്ട്രീയ നേതാക്കളും ഉദ്യോഗസ്ഥരും തങ്ങളുടെ നിലപാട് പുന:പരിശോധിച്ച് ഇതുമായി സഹകരിക്കണമെന്ന് ശിൽപ്പശാല ഉദ്ഘാടനം ചെയ്ത കേരള പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പി.ടി. മാത്യു അഭ്യർത്ഥിച്ചു. അസോസിയേഷൻ സംസ്ഥാന സെക്രട്ടറി സൂപ്പി നരിക്കാട്ടേരി, വൈസ് പ്രസിഡന്റ് സ്നേഹജൻ, കില അസോസിയേറ്റ് പ്രൊഫ.ഡോ.പീറ്റർ എം.രാജ്, കോർഡിനേറ്റർ പി.വി. രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു. പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന എക്സിക്യൂട്ടീവ് മെമ്പർമാർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ തുടങ്ങിയവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.

ഗ്രാമകേന്ദ്രങ്ങൾ എന്ത് എന്തിന് എന്നതിനെക്കുറിച്ച് പഞ്ചായത്ത് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും നൽകുന്ന പരിശീലനപരിപാടിക്കുള്ള കൈപ്പുസ്തകത്തിനും പരിശീലനവിഷയങ്ങൾക്കും ശിൽപ്പശാല അന്തിമരൂപം നൽകി. പഞ്ചായത്തുകളിൽനിന്നു ലഭിക്കുന്ന പല സേവനങ്ങളും മേലിൽ ഗ്രാമകേന്ദ്രങ്ങളിൽനിന്ന് ലഭിക്കുമെന്നതാണ് ഈ സംവിധാനത്തിന്റെ പ്രത്യേകത.




ആരോഗ്യരംഗത്തെ സാമൂഹ്യ സ്വാധീനഘടകങ്ങൾ കണ്ടെത്തുന്നതിന് കിലയിൽ സംഘടിപ്പിച്ച ഡോക്ടർമാർക്കുള്ള പരിശീലന പരിപാടി ആരോഗ്യസർവകലാശാല മുൻ വൈസ് ചാൻസലർ **ഡോ.കെ. മോഹൻദാസ്** ഉദ്ഘാടനം ചെയ്യുന്നു

## ആരോഗ്യരംഗത്തെ സാമൂഹ്യസ്വാധീനഘടകങ്ങൾ: വിവരശേഖരണം തുടങ്ങി

**ആ**രോഗ്യരംഗത്തെ സാമൂഹ്യ സ്വാധീനഘടകങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ സംസ്ഥാനത്തെ ഇതര പഞ്ചായത്തുകളും മറ്റു സംസ്ഥാനങ്ങളും മാതൃകയാക്കണമെന്ന് കേരള ആരോഗ്യസർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. കെ.മോഹൻ ദാസ് നിർദ്ദേശിച്ചു.കേരള ആരോഗ്യസർവകലാശാലയും കിലയും ദേശീയ ഗ്രാമീണ ആരോഗ്യമിഷനും(എൻ.ആർ.എച്ച്.എം) തദ്ദേശഭരണവകുപ്പും ചേർന്ന് സംഘടിപ്പിച്ച കേരളത്തിലെ വിവിധ കമ്മ്യൂണിറ്റി മെഡിസിൻ കോളേജുകളിലെ ഡോക്ടർമാർക്കുള്ള പരിശീലനപരിപാടി കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ക്ലാസ്സുകളിലെ പഠനരീതി വിട്ട് ഫീൽഡിൽനിന്നുള്ള അനുഭവങ്ങൾ ഇവർക്കു പുതിയ ദിശാബോധം നൽകുമെന്നും അദ്ദേഹം പറഞ്ഞു. ആരോഗ്യസർവകലാശാല ഡീൻ ഡോ.അജിത്കുമാർ, കില അസി.പ്രൊഫ. ഡോ. ജെ.ബി.രാജൻ, മുണ്ടത്തിക്കോട് പഞ്ചായത്ത് പ്രസിഡന്റ് അജിത് കുമാർ, പാണഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് റോയ് കെ.ദേവസ്സി

*(ശേഷം പേജ് 4-ൽ)*




ഉദുമ നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല
കിലയിൽ **കെ.കുഞ്ഞിരാമൻ എം.എൽ.എ** ഉദ്ഘാടനം ചെയ്യുന്നു

# ഒരു സെന്റ് ഭൂമിപോലും തരിശിടരുത്: കെ.കുഞ്ഞിരാമൻ എം.എൽ.എ

ഉദുമ നിയോജകമണ്ഡലത്തിൽ ഒരു സെന്റു ഭൂമിപോലും തരിശിടരുതെന്ന് കെ.കുഞ്ഞിരാമൻ എം.എൽ.എ അഭ്യർത്ഥിച്ചു. ഉദുമ നിയോജകമണ്ഡലത്തിലെ സമഗ്ര വികസനശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സർവെ നടത്തി ഒഴിഞ്ഞുകിടക്കുന്ന ഭൂമി കണ്ടെത്തുകയും അവിടെ കൃഷിയിറക്കുകയും വേണം. കാർഷികമേഖലയായ മണ്ഡലത്തിൽ ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനത്തിൽ കാര്യമായ ഇടപെടൽ ഉണ്ടായിട്ടില്ല. പാലുൽപ്പാദനം ഉൾപ്പെടെയുള്ള ഭക്ഷ്യോ ൽപ്പാദനം എങ്ങനെ വർദ്ധിപ്പിക്കാമെന്നതിനെക്കുറിച്ചാണ് ചിന്തിക്കേണ്ടത്. വികസനമെന്നാൽ റോഡുവികസനമാണെന്ന കാഴ്ച്ചപ്പാട് ശരിയല്ലെന്നും മൊത്തത്തിലുള്ള വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളാണ് തയ്യാറാക്കേണ്ടതെന്നും എം.എൽ.എ നിർദ്ദേശിച്ചു.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷനായിരുന്നു. കില അസോസിയേറ്റ് പ്രൊഫ.ഡോ. പീറ്റർ എം. രാജ്, അസി.ഡയറക്ടർ കെ.എം.സലിം എന്നിവർ സംസാരിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ കാർത്ത്യായനി(ബേഡഡുക്ക), ഗീത (ദേലംപാടി),വി.ഭവാനി(മുളിയാർ), കെ.കുഞ്ഞിരാമൻ കുന്നച്ചി(പള്ളിക്കര), കെ.കസ്തൂരി ടീച്ചർ(ഉദുമ), സി.എം.പ്രദീപ് (കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്), ജില്ലാ പഞ്ചായത്ത് മെമ്പർമാരായ ഓമന രാമചന്ദ്രൻ, എം.തിമ്മയ്യ എന്നിവർക്കു പുറമെ വിവിധ സ്ററാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ നിർവഹണ ഉദ്യോഗസ്ഥർ എന്നിവരടക്കം 86 പേർ ശിൽപ്പശാലയിൽ പങ്കെടുത്തു.

ഉദ്ഘാടനത്തിനുശേഷം ആറു ഗ്രൂപ്പുകളായി തിരിഞ്ഞ് ഗ്രൂപ്പുചർച്ചയും തുടർന്ന് പൊതു ചർച്ചയുമുണ്ടായി. ചർച്ചകൾ ക്രോഡീകരിച്ച് എം.എൽ.എ സംസാരിച്ചു.



ശിൽപ്പശാലയിൽ പങ്കെടുത്ത ജനപ്രതിനിധികളും നിർവഹണ ഉദ്യോഗസ്ഥരും

*(പേജ് 3 ന്റെ തുടർച്ച)*

എന്നിവർ സംസാരിച്ചു. ഡോ.വിജയകുമാർ പരിശീലനത്തിനു നേതൃത്വം നൽകി.

സാമൂഹ്യ-സ്വാധീനഘടകങ്ങൾ കണ്ടെത്തുന്നതിന്റെ ഭാഗമായുള്ള സ്ഥിതിവിവരകണക്കുകൾ ശേഖരിച്ചുതുടങ്ങി. ഇതിനായി തെരഞ്ഞെടുക്കപ്പെട്ട ഡോക്ടർമാർ മുണ്ടത്തിക്കോട് പാണഞ്ചേരി പഞ്ചായത്തുകളിലെത്തി. 29 പേരെയാണ് ഇതിനു ചുമതലപ്പെടുത്തിയിട്ടുള്ളത്. ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇവർതന്നെ സ്ഥിതിവിവരറിപ്പോർട്ട് തയ്യാറാക്കും. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ ഹെൽത്ത് പ്ലാൻ തയ്യാറുക്കുക. സാമൂഹ്യ-സാമ്പത്തിക സ്ഥിതി, തൊഴിൽ, സംസ്കാരം, പ്രകൃതി, പ്രകൃതിവിഭവങ്ങൾ, ജീവിതശൈലിരോഗങ്ങൾ, വിദ്യാഭ്യാസസ്ഥിതി, സാംസ്കാരികചുറ്റുപാട് തുടങ്ങിയ മേഖലകളിലെ ഇപ്പോഴത്തെ അവസ്ഥ, ഭാവിയിൽ സംഭവിക്കാവുന്ന മാറ്റങ്ങൾ, അവ ആരോഗ്യരംഗത്തെ എങ്ങനെ ബാധിക്കും ഇവയെല്ലാം വിവരശേഖരണത്തിലുൾപ്പെടുത്തും.




പട്ടാമ്പി നിയോജകമണ്ഡലത്തിലെ സമഗ്ര വികസനശിൽപ്പശാല
കിലയിൽ **സി.പി.മുഹമ്മദ് എം.എൽ.എ** ഉദ്ഘാടനം ചെയ്യുന്നു

# പട്ടാമ്പിയിൽ സമ്പൂർണ കുടിവെള്ളപദ്ധതി നടപ്പിലാക്കും: സി.പി.മുഹമ്മദ് എം.എൽ.എ

**സ**മ്പൂർണകുടിവെള്ളപദ്ധതി നടപ്പിലാക്കിയ മണ്ഡലമാക്കി പട്ടാമ്പിയെ മാറ്റിയെടുക്കാൻ എല്ലാവരുടേയും സഹകരണം വേണമെന്ന് സി.പി.മുഹമ്മദ്എം.എൽ.എ അഭ്യർത്ഥിച്ചു. പട്ടാമ്പി നിയോജകമണ്ഡലത്തിലെ സമഗ്ര വികസനശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മണ്ഡലത്തിലെ എട്ടു ഗ്രാമപഞ്ചായത്തുകളിൽ ആറെണ്ണവും നദീതീരത്താണ് സ്ഥിതി ചെയ്യുന്നതെങ്കിലും കുടിവെള്ളപ്രശ്നത്തിനു ശാശ്വതപരിഹാരം കാണാൻ ഇനിയും കഴിഞ്ഞിട്ടില്ല. പഞ്ചായത്തുകൾ ചെറിയ തോതിൽ തുടങ്ങിയ പല കുടിവെള്ള പദ്ധതികളും അകാലത്തിൽ ചരമമടഞ്ഞിട്ടുണ്ട്. ആധുനിക ട്രീറ്റ്മെന്റ് പ്ലാന്റോടുകൂടിയ വലിയ കുടിവെള്ളപദ്ധതിയാണ് ലക്ഷ്യം. ദീർഘവീക്ഷണത്തോടെയുള്ള വികസനപദ്ധതികളാണ് വേണ്ടത്. കൂട്ടായ പ്രവർത്തനമുണ്ടെങ്കിൽ അദ്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നും എം.എൽ.എ പറഞ്ഞു.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷത വഹിച്ചു. കില അസോസിയേറ്റ് പ്രൊഫ.ഡോ.പീറ്റർ എം.രാജ് ആമുഖപ്രഭാഷണം നടത്തി. പാലക്കാട് ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റ് സുബൈദ ഇസഹാക്ക്, കില അസി.ഡയറക്ടർ കെ.എം.സലിം എന്നിവർ സംസാരിച്ചു.

കൊപ്പം, കുലുക്കല്ലൂർ, മുതതല, ഓങ്ങല്ലൂർ, പട്ടാമ്പി, തിരുവേഗപ്പുറം, വിളയൂർ, വല്ലപ്പുഴ, ഗ്രാമപഞ്ചായത്തുകളിലേയും പട്ടാമ്പി,ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തുകളി ലേയും പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ്കമ്മിററി ചെയർപേഴ്സൺമാർ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ജില്ലാപഞ്ചായത്ത് മെമ്പർമാർ, വിവിധ വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടെ 97 പേർ ശിൽപ്പശാലയിൽ സംബന്ധിച്ചു.

ഉദ്ഘാടനത്തിനുശേഷം കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, വിദ്യാഭ്യാസം, യുവജനക്ഷേമം, പശ്ചാത്തല വികസനം, തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട ഗ്രൂപ്പ് ചർച്ചകളും തുടർന്ന് പൊതുചർച്ചയുമുണ്ടായി. പൊതു ചർച്ചകൾക്ക് എം.എൽ.എ മറുപടി പറഞ്ഞു.

## സേവാഗ്രാം ഉത്തരവായി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സേവനങ്ങൾ കൂടുതൽ ജനകീയമാക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള സേവാഗ്രാം ഗ്രാമകേന്ദ്രങ്ങൾ/വാർഡ്കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനു സർക്കാർ ഉത്തരവിറക്കി. (സ.ഉ.(എം.എസ്)നമ്പർ 112/2014 തസ്വഭവ. തീയതി 25.6.2014) ഈ ഉത്തരവുപ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പൽ–കോർപ്പറേഷനുകളിലും 2015 ജനുവരി 26 നകം മുഴുവൻ വാർഡുകളിലും ഗ്രാമകേന്ദ്രം/വാർഡ്കേന്ദ്രം സ്ഥാപിക്കണമെന്ന് നിഷ്ക്കർഷിക്കുന്നു. വാർഡ് ഒന്നിനു 50,000 രൂപ എന്ന തോതിൽ ഇതിനായി ചെലവഴിക്കാവുന്നതാണ്. തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ കീഴിലുള്ള ഏതൊരു സ്ഥാപനത്തിലും സേവഗ്രാം പ്രവർത്തനമാരംഭിക്കാവുന്നതാണ്.



ശിൽപ്പശാലയിൽ പങ്കെടുത്ത ജനപ്രതിനിധികളും നിർവഹണ ഉദ്യോഗസ്ഥരും



പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ ഉപപദ്ധതിപ്രവർത്തനം വിലയിരുത്താൻ കിലയിൽ ചേർന്ന സംസ്ഥാനതല ഏകദിന ശിൽപ്പശാലയിൽ തദ്ദേശസ്വയംഭരണവകുപ്പു സെക്രട്ടറി **രാജൻ ഖോബ്രഖഡേ ഐ.എ.എസ്** സംസാരിക്കുന്നു

## പട്ടികജാതി–പട്ടികവർഗ ഉപപദ്ധതി പ്രവർത്തനം വിലയിരുത്തി

പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ ഉപപദ്ധതിയുടെ ഫണ്ടുവിനിയോഗം, ആസൂത്രണം, നിർവഹണം, നിരീക്ഷണം എന്നിവയെക്കുറിച്ച് സമയോചിതമായി വിലയിരുത്തി ഭാവിപരിപാടികൾക്കു രൂപം നൽകുന്നതിനു കിലയിൽ സംസ്ഥാനതല ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു.

കേരള ലോക്കൽ ഗവർമ്മെന്റ് സർവീസ് ഡെലിവറി പ്രൊജക്ടിന്റെയും(കെ.എൽ.ജി.എസ്.ഡി.പി) കിലയുടേയും സംയുക്താഭിമുഖ്യത്തിലായിരുന്നു ശിൽപ്പശാല. തദ്ദേശസ്വയംഭരണവകുപ്പു സെക്രട്ടറി രാജൻ ഖോബ്രഖഡേ ഐ.എ.സിന്റെ മുഖ്യപ്രഭാഷണത്തോടെയാണ് ശിൽപ്പശാല ആരംഭിച്ചത്. കില ഡയറക്ടർ ഡോ.പി.പി.ബാലൻ സ്വാഗതമാശംസിച്ചു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പി.ടി.മാത്യു, പഞ്ചായത്ത് ഡയറക്ടർ എ.സെയ്ത്, കെ.എൽ.ജി.എസ്.ഡി.പി പ്രോജക്ട് ഡയറക്ടർ മിത്ര ഐ.എ.എസ്, കില അസി.പ്രൊഫ. ഡോ. ജെ.ബി.രാജൻ എന്നിവർ സംസാരിച്ചു.

ഈ മേഖലയുമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, മെമ്പർമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, അസി.ഡയറക്ടർമാർ, പട്ടികജാതി-പട്ടികവർഗ ഉദ്യോഗസ്ഥർ, പ്രമോട്ടർമാർ, ഊരുമൂപ്പന്മാർ,തൊഴിലുറപ്പുപദ്ധതിയിലെ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.



ഓൾ കേരള ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ തൃശ്ശൂർ ജില്ലാ ഭാരവാഹികൾക്കായി കിലയിൽ നടത്തിയ സംസ്ഥാനത്തെ ആദ്യത്തെ ഏകദിന ശിൽപ്പശാല കില ഡയറക്ടർ **ഡോ.പി.പി. ബാലൻ** ഉദ്ഘാടനം ചെയ്യുന്നു

## മുൻ പഞ്ചായത്ത് മെമ്പർമാർക്ക് കിലയിൽ ശിൽപശാല

ഗ്രാമവികസനരംഗത്ത് വലിയ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് മുൻ ത്രിതല പഞ്ചായത്തംഗങ്ങളുടെ സൃഷ്ടിപരമായ കാഴ്ചപ്പാടുകൾകൊണ്ട് കഴിയുമെന്ന് കില ഡയറക്ടർ ഡോ.പി.പി. ബാലൻ അഭിപ്രായപ്പെട്ടു. ഓൾ കേരള ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ തൃശ്ശൂർ ജില്ലാ ഭാരവാഹികൾക്കായി കിലയിൽ നടത്തിയ സംസ്ഥാനത്തെ ആദ്യത്തെ ഏകദിന ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അസോസിയേഷൻ ജില്ലാ പ്രസിഡന്റ് കരീം പന്നിത്തടം അദ്ധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പി.ടി. മാത്യു മുഖ്യാതിഥിയായിരുന്നു. ജില്ലാ ജനറൽ സെക്രട്ടറി സി.വി.കുര്യാക്കോസ്, സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി കെ.സി.സുബ്രഹ്മണ്യൻ, ജില്ലാ ഭാരവാഹികളായ വി.എസ്. പ്രിൻസ്, വി.ടി.ആന്റണി, വികാസ് ചക്രപാണി, കില എക്സ്റ്റൻഷൻ ഫാക്കൽറ്റി പി.വി.രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു. സേവാഗ്രാം ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഗീതാജ്ഞലി ക്ലാസ്സെടുത്തു. അസോസിയേഷൻ ഭാരവാഹികളായ അരുൺ കാളിയത്ത്, ഏലിയാസ് ജോസ്, വി.ഡി. വർഗീസ്, ഷീല ജോസ്, സി.പി.ജോസ്, ഇന്ദിരാ രാധാകൃഷ്ണൻ തുടങ്ങിയവർ ശിൽപ്പശാലയ്ക്കു നേതൃത്വം നൽകി.



തൃക്കാക്കര നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല കിലയിൽ **ബെന്നി ബഹനാൻ എം.എൽ.എ** ഉദ്ഘാടനം ചെയ്യുന്നു

# തൃക്കാക്കരമണ്ഡലത്തിലെ കുടിവെള്ളക്ഷാമത്തിനു ശാശ്വത പരിഹാരമുണ്ടാക്കും: ബെന്നി ബഹനാൻ എം.എൽ.എ.

**തൃ**ക്കാക്കര നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമത്തിനു ശാശ്വത പരിഹാരമുണ്ടാക്കുമെന്ന് ബെന്നി ബഹനാൻ എം.എൽ.എ അറിയിച്ചു. തൃക്കാക്കര നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള വലിയൊരു പദ്ധതി പ്രാരംഭദിശയിലാണ്. ഈ പദ്ധതി പൂർത്തിയാകുന്നതോടെ പ്രശ്നത്തിനു ശാശ്വത പരിഹാരമുണ്ടാകും. മണ്ഡലത്തിൽ അടിയന്തിരമായ പരിഹാരം കാണേണ്ട ഒന്നാണ് വെള്ളക്കെട്ട്. മഴക്കാലമായാൽ വെള്ളക്കെട്ടും കൊതുകുശല്യവും ആരോഗ്യപ്രശ്നങ്ങളും രൂക്ഷമാവുകയാണ്. മുമ്പുണ്ടായിരുന്ന തോടുകൾ ശുഷ്ക്കിച്ചു ശുഷ്ക്കിച്ച് ഇല്ലാതായിവരുന്നു. അതുകൊണ്ട് പലേടത്തും വെള്ളം കെട്ടികിടക്കുകയാണ്. കോർപ്പറേഷനും നഗരസഭയും ചേർന്ന് ഇതിനൊരു പദ്ധതി തയ്യാറാക്കാൻ മുന്നോട്ടുവരണം. അഴുക്കുചാൽ നിർമ്മാണത്തിനു പ്രാധാന്യം നൽകണമെന്നും അദ്ദേഹം പറഞ്ഞു.

എം.എൽ.എ മാരെ മാററിനിർത്തിക്കൊണ്ടുള്ള പ്രാദേശികവികസനം സാദ്ധ്യമല്ലെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച കില ഡയറക്ടർ ഡോ.പി.പി. ബാലൻ പറഞ്ഞു. കില അസോസിയേറ്റ് പ്രൊഫ.ഡോ. പീറ്റർ എം. രാജ് ആമുഖ പ്രഭാഷണം നടത്തി. അസി. ഡയറക്ടർ കെ.എം. സലിം സംസാരിച്ചു.

ഉദ്ഘാടനത്തിനുശേഷം ഉൽപ്പാദന-സേവന പശ്ചാത്തല മേഖലകളായി തിരിഞ്ഞ് ഗ്രൂപ്പ് ചർച്ചയും തുടർന്നു പൊതു ചർച്ചയുമുണ്ടായി. കൊച്ചി കോർപ്പറേഷനിലെ 22 വാർഡുകളിലേയും തൃക്കാര നഗരസഭയിലേയും ജനപ്രിതിനിധികൾ, വിവിധ വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.



കിലയിൽ ആരംഭിച്ച സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർമാരുടെ പരിശീലനം കില ഡയറക്ടർ **ഡോ.പി.പി. ബാലൻ** ഉദ്ഘാടനം ചെയ്യുന്നു

# പെർഫോർമൻസ് ഓഡിറ്റ് ഓഫീസർമാർക്ക് പരിശീലനം തുടങ്ങി

**സം**സ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പെർഫോർമൻസ് ഓഡിറ്റ് ഓഫിസർമാർക്ക് പഞ്ചവത്സരപദ്ധതി പ്രവർത്തനങ്ങൾ ഓഡിറ്റ് ചെയ്യുന്നതിനുള്ള ദ്വിദിന പരിശീലനം കിലയിൽ ആരംഭിച്ചു. ആസൂത്രണപ്രക്രിയ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രത്യേക പരിശോധനാസംവിധാനമാണ് ഈ പരിശീലനംകൊണ്ട് ലക്ഷ്യമിടുന്നത്. പഞ്ചവത്സരപദ്ധതി ആസൂത്രണം, നിർവഹണം, ഗുണഭോക്തൃതെരഞ്ഞെടുപ്പ്, നിർമ്മാണ പ്രവർത്തനങ്ങൾ, സോഫ്റ്റ് വെയറുകളുടെ പ്രവർത്തനം എന്നീ നാലു മേഖലകളിലുള്ള വിശദമായ പരിശോധനയും തിരുത്തൽ നടപടികളുമാണ് പെർഫോർമൻസ് ഉദ്യോഗസ്ഥർ ചെയ്യേണ്ടത്. ഗ്രാമപഞ്ചായത്ത് മേഖലയിലും ബ്ലോക്ക് പഞ്ചായത്ത് തലത്തിലും മുനിസിപ്പൽ-കോർപ്പറേഷൻ-ജില്ലാപഞ്ചായത്ത് തലത്തിലുമുള്ള മുഴുവൻ പെർഫോർമൻസ് ഉദ്യോഗസ്ഥർക്കും വിവിധ ബാച്ചുകളിലായാണ് പരിശീലനം നൽകുന്നത്.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. കില അസി. പ്രൊഫ.ഡോ.ജെ.ബി.രാജൻ ആമുഖ പ്രഭാഷണം നടത്തി.കോഴ്സ് കോർഡിനേറ്റർ വി.ജി.ശശിധരൻ സംസാരിച്ചു. സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എസ്.ദിവാകരൻ പിള്ള, എസ്.ആർ.ജി. മെമ്പർ ജെ. നെൽസൺ, എക്സ്റ്റഷൻ ഫാക്കൽറ്റി കെ.ഗോപാലകൃഷ്ണൻ, ഐ.കെ.എം സോഫ്റ്റ് വെയർ വിദഗ്ദ്ധൻ അബ്ദുൾ ബഷീർ, സി. രാധാകൃഷ്ണൻ തുടങ്ങിയവരാണ് പരിശീലനത്തിനു നേതൃത്വം നൽകുന്നത്. 500 പേർക്ക് പരിശീലനം നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.




കേരളാ പഞ്ചായത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിലുള്ള കാർഷിക കർമ്മസേനയുടെ മൂന്നുദിവസത്തെ സംസ്ഥാനതല പരിശീലനം കിലയിൽ കൃഷിവകുപ്പുമന്ത്രി **കെ.പി.മോഹനൻ** ഉദ്ഘാടനം ചെയ്യുന്നു

# കാർഷികപുരോഗതി: പദ്ധതികൾക്ക് ഫണ്ട് തടസ്സമാകില്ലെന്ന് മന്ത്രി കെ.പി.മോഹനൻ

**കാർ**ഷികപുരോഗതി ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പദ്ധതിക്കും ഫണ്ട് തടസ്സമാകില്ലെന്ന് കൃഷിവകുപ്പുമന്ത്രി കെ. പി.മോഹനൻ വ്യക്തമാക്കി. കേരളാ പഞ്ചായത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിലുള്ള കാർഷിക കർമ്മസേനയുടെ മൂന്നുദിവസത്തെ സംസ്ഥാനതല പരിശീലനം കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സ്വന്തം ആവശ്യത്തിനുള്ള പച്ചക്കറി ഓരോ പഞ്ചായത്തും കൃഷിചെയ്തുണ്ടാക്കുക എന്നതായിരിക്കണം ലക്ഷ്യം. ഫലഭൂയിഷ്ഠമായ മണ്ണിനെ മലിനമാക്കാതെ ജൈവകൃഷിരീതി കർഷകർ ശീലിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു. കേരള പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പി.ടി. മാത്യു അദ്ധ്യക്ഷനായിരുന്നു.

തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സി.സി. ശ്രീകുമാർ, പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് സ്നേഹജൻ, ജില്ലാ പ്രസിഡന്റ് അജിത് കുമാർ, സെക്രട്ടറി രാജേന്ദ്രൻ അരങ്ങത്ത്,കൃഷിവകുപ്പ് ഡയറക്ടർ ആർ. അജിത്കുമാർ, പ്രിൻസിപ്പൽ കൃഷിവകുപ്പ് ഓഫീസർ മേഴ്സി തോമസ് തുടങ്ങിയവർ സംസാരിച്ചു.

കാർഷികരംഗത്തെ സമഗ്രവികസനത്തിന് പഞ്ചായത്തുകളെ തരിശുരഹിത പഞ്ചായത്തുകളാക്കുക എന്ന ലക്ഷ്യത്തോടെ കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട സേവനം കർഷർക്ക് ലഭ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് 60 പഞ്ചായത്തുകളിലാണ് കാർഷിക കർമ്മസേനയ്ക്കു രൂപം നൽകിയിട്ടുള്ളത്. കൃഷിവകുപ്പിന്റെയും കുടപ്പനക്കുന്ന് കാർഷിക കർമ്മസേനയുടേയും സഹായത്തോടെയാണ് അസോസിയേഷൻ ഇതു നടപ്പിലാക്കുന്നത്. പതിനെട്ട് പഞ്ചായത്തുകളിൽ പതിമൂന്നു ദിവസം നീണ്ട പരിശീലനം പൂർത്തിയായി.

ആദ്യഘട്ട പരിശീലനം പൂർത്തിയാക്കിയ കാർഷിക കർമ്മസേനയുടെ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, കോർഡിനേറ്റർ, സൂപ്പർവൈസർ എന്നിവർക്കാണ് മൂന്നു ദിവസത്തെ പരിശീലനം. ബന്ധപ്പെട്ട പഞ്ചയാത്തുകളിലെ പ്രസിഡന്റുമാർക്കും കൃഷി ഓഫീസർമാർക്കും പരിശീലനം നൽകുന്നുണ്ട്. വിദഗ്ദ്ധരാണ് വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുക്കുന്നത്.

# പ്രൊക്യുർമെന്റ് മാന്വൽ: കിലയിൽ ശിൽപശാല

**പാ**ൽ വാങ്ങുന്നതിനു മിൽമയോടൊപ്പം അതാതിടങ്ങളിലെ പാലുൽപ്പാദക സഹകരണസംഘങ്ങളെക്കൂടി പരിഗണിക്കണമെന്ന് ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്ത് അസോസിയേഷനുകളുടേയും മുനിസിപ്പൽ ചെയർമാൻ ചേംബറിന്റേയും പ്രതിനിധികൾ പങ്കെടുത്ത ശിൽപ്പശാല നിർദ്ദേശിച്ചു. കേരള ലോക്കൽ ഗവർമ്മെന്റ് സ് സർവീസ് ഡെലിവറി പ്രോജക്ടിന്റെ (കെ.എൽ.ജി.എസ്.ഡി.പി) ഭാഗമായി കില തയ്യാറാക്കിയ കരട് പ്രൊക്യുർമെന്റ് മാന്വലിന്റെ അഭിപ്രായരൂപീകരണത്തിനാണ് ശിൽപ്പശാല സംഘടിപ്പിച്ചത്. അടിയന്തിരഘട്ടങ്ങളിൽ വാങ്ങലുകൾക്ക് പരമാവധി അയ്യായിരം രൂപയായി നിഷ്ക്കർഷിക്കണമെന്നതാണ് മറ്റൊരു നിർദ്ദേശം. തെരുവുവിളക്കുകളുടെ വിതരണത്തിനുള്ള ഏജൻസിയായി ക്രൂസിനൊപ്പം കെൽട്രോണിനെ ഉൾപ്പെടുത്തുക, അഞ്ചു ലക്ഷം രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾക്കുള്ള ടെണ്ടർ പരസ്യം ഒരു പ്രാദേശിക ദിനപത്രത്തിലും ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും കൊടുക്കുക, പത്തുലക്ഷത്തിനു മുകളിലാണെങ്കിൽ രണ്ടു പ്രാദേശിക പത്രങ്ങളിലും ഒരു ഇംഗ്ലീഷ് പത്രത്തിലും പരസ്യം നൽകുക, ഇലക്ട്രിക്കൽ-ഇലക്ട്രോണിക്ക് സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ജില്ലാതലത്തിൽ ക്വാളിറ്റി ചെക്കിംഗ് സംവിധാനം ഉറപ്പുവരുത്തുക, പ്രൊക്യുർമെന്റ് വിവരങ്ങൾ ഗ്രാമസഭകളിൽ ചർച്ചയ്ക്കു വിധേയമാക്കുക തുടങ്ങിയവയാണ് മറ്റ് പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ.

കില അസി.പ്രൊഫ. ഡോ.ജെ.ബി.രാജന്റെ ആമുഖ പ്രസംഗത്തോടെയാണ് ശിൽപ്പശാലയാരംഭിച്ചത്.കരട് മാന്വലിന്റെ സംക്ഷിപ്ത രൂപം ഡി.സാങ്കിയും എസ്.കെ. ബിജുവും ചേർന്ന് അവതരിപ്പിച്ചു. മധുനാരായണൻ നന്ദി പറഞ്ഞു.കേരളാ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി, സംസ്ഥാന വൈസ് പ്രസിഡന്റുമാരായ അഡ്വ.കെ.പ്രതാപൻ, എൻ.പി. സ്നേഹജൻ, സെക്രട്ടറി സി.പി.റസാഖ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ തൃശ്ശൂർ ജില്ലാ പ്രസിഡന്റ് കെ.ദിലീപ്കുമാർ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ തൃശ്ശൂർ ജില്ലാ പ്രസിഡന്റ് കെ. അജിത് കുമാർ തുടങ്ങിയവർ ശിൽപ്പശാലയിൽ പങ്കെടുത്തു.


**KILA News letter** Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581
(for private circulation only)